THURSDAY 11-11-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –11/11/2021

1. തിരുവനന്തപുരം ആത്മ വഴി നടത്തിവരുന്ന **ഡിപ്ലോമ ഇൻ അഗ്രികൾച്ചർ എക്സറ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** (DESI) എന്ന ഒരു വർഷത്തെ കോഴ്സിന്റെ 2021-22 വർഷത്തിലേയ്ക്കുള്ള നടത്തിപ്പിനായി ഫെസിലിറ്റേറ്ററുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ അഥവാ ഹോർട്ടികൾച്ചറിൽ ബി എസ് സിയോ എം എസ് സി യോ ബിരുദവും 5 വർഷത്തെ പ്രവർത്തി പരിചയവും ആണ് യോഗ്യത. കൃഷി വകുപ്പിലോ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലോ കൃഷി വിജ്ഞാൻ കേന്ദ്രത്തിലോ 20 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. പ്രതിമാസം 17000/- യാണ് വേതനം. താത്പര്യമുള്ള അപേക്ഷകർ ഈ മാസം 15 നകം (15.11.2021) തിരുവനന്തപുരം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകേണ്ടതാണ്.

2. ഉത്പാദനവും ഉത്പാദനക്ഷമതയും കൂട്ടി പ്രകൃതിദത്തറബ്ബറിന്റെ കാര്യത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കുക എന്ന സന്ദേശം കർഷകരിലെത്തിക്കുന്നതിനായി റബ്ബർബോർഡ് നടത്തുന്ന തീവ്രപ്രചാരണപരിപാടി (കാംപെയ്ൻ 2021) യെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 11) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ മറുപടി പറയും. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

3. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 7 പശുക്കളെയും 2 ആടുകളെയും ഫാം ഓഫീസ് പരിസരത്ത് വച്ച് ഈ മാസം 16 ന് (16.11.2021) 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് അന്നേദിവസം 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ഓഫീസിൽ നേരിട്ടോ 9745545344 എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴികുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ബുക്ക് ചെയ്യാവുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കാർഷിക ഉത്പാദനവും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൊല്ലം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിയ്ക്കുന്ന **അതിജീവനം** 2021 ൽ ഇന്ന് (11.11.2021) രാവിലെ 11 മണിയ്ക്ക് **കിഴങ്ങ്, പയർവർഗ്ഗവിളകളുടെ ശാസ്ത്രീയ കൃഷിരീതി, കൂൺകൃഷിയും കൂൺവിത്ത് ഉൽപാദനവും, ശാസ്ത്രീയ പച്ചക്കറി കൃഷി – സസ്യങ്ങളിലെ കായിക പ്രവർധന രീതികൾ (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്)** എന്നീ വിഷയങ്ങളിൽ പരിശീലനം കൊട്ടാരക്കര സദാനന്ദപുരത്തെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

6. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കർഷകർക്കായി കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി-യിൽ വച്ച് ഈ മാസം 22,23 (നവംബർ 22,23) തീയതികളിൽ **കൂൺകൃഷി** എന്ന വിഷയത്തിലും 24,25 (നവംബർ 24,25) തീയതികളിൽ **കാർഷിക യന്ത്രവത്ക്കരണം** എന്ന വിഷയത്തിലും പരിശീലന പരിപാടി നടത്തുന്നു. താൽപ്പര്യമുള്ളവൽ ഈ മാസം 15-ന് മുമ്പായി **9497360649, 9447551954** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 15 പേർക്കായിരിക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം.

7. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **23 മുതൽ 27** വരെ രാവിലെ 10.30 മണി മുതൽ **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7034215912, 9961533547, 0487 2960079** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (11.11.2021) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. പരമാവധി 30 പേർക്ക് ആയിരിക്കും പരിശീലനം. **0491-2815454** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (നവംബർ 11) **പോത്തിൻകുട്ടി വളർത്തൽ** എന്ന വിഷയത്തിൽ ഇൻക്യാമ്പസ് പരിശീലനം നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ചെമ്മലമറ്റം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 16-ന് രാവിലെ 10 മണി മുതൽ പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. ഇതിനോടനുബന്ധിച്ച് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ ബോധവത്ക്കരണം നടത്തുന്നു.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം നവംബർ 17, 18 തീയതികളിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in

## കാർഷിക നിർദ്ദേശങ്ങൾ

12. തെങ്ങിൽ ഇലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ ഒരു ശതമാനം ബോർഡോ മിശ്രിതമോ 0.03 ശതമാനം കോപ്പർ ഓക്സീക്ലോറൈഡോ തളിക്കുക.